# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 മാർച്ച് 10

# വാർത്താക്കുറിപ്പ്

## 'സ്വാഭാവിക റബ്ബർ തോട്ടങ്ങൾ നേരിടുന്ന പുതിയ വെല്ലുവിളികൾ'; ഓൺലൈൻ പ്രഭാഷണം മാർച്ച് 12ന്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ, 'സ്വാഭാവിക റബ്ബർ തോട്ടങ്ങൾ നേരിടുന്ന പുതിയ വെല്ലുവിളികൾ' എന്ന വിഷയത്തിൽ 2021 മാർച്ച് 12ആം തീയതി ഉച്ചക്ക് 3.30 മണിക്ക് റബ്ബർ ബോർഡ് ചെയർമാനും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. കെ. എൻ. രാഘവൻ IRS ഓൺലൈനായി സംസാരിക്കുന്നു.https://mgu.webex.com/mgu/j.php?MTID=m4a8db5812bd1a22c41a91ee217f3f9be മീറ്റിംഗ് നമ്പർ.184 621 7642, പാസ് വേർഡ്: 2Eg5XkQWpQ3.

(പി.ആർ.ഒ/39/339/2021)

## അപേക്ഷ തീയതി

നാലാം സെമസ്റ്റർ സി.ബി.സി.എസ്. (2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. സൈബർ ഫോറൻസിക് (2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 16 വരെയും 525 രൂപ പിഴയോടെ മാർച്ച് 18 വരെയും 1050 രൂപ സൂപ്പർഫൈനോടെ മാർച്ച് 19 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. റീഅപ്പിയറൻസ് പരീക്ഷയെഴുതുന്നവർ രജിസ്ട്രേഷൻ ഫീസായി 55 രൂപ മറ്റ് ഫീസുകൾക്ക് പുറമെ അടയ്ക്കണം. ഇന്റേണൽ റീഡു ചെയ്യുന്നവർ പേപ്പറിന് 105 രൂപ വീതം ഫീസടയ്ക്കണം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/340/2021)

## അഞ്ചാം സെമസ്റ്റർ യു.ജി. ഉത്തരക്കടലാസ് മൂല്യനിർണയ ക്യാമ്പ് മാർച്ച് 16ന് ആരംഭിക്കും

2021 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ യു.ജി. - സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയം ഒൻപത് കേന്ദ്രങ്ങളിലായി മാർച്ച് 16 മുതൽ ആരംഭിക്കും. അറിയിപ്പ് ലഭിക്കുന്ന അധ്യാപകർ, ക്യാമ്പുകളിലെത്തി ഉത്തരക്കടലാസുകൾ കൈപ്പറ്റണം. ബി.എ. കോഴ്സുകളുടെ അധ്യാപകർ മാർച്ച് 16നും ബി.എസ് സി. കോഴ്സുകളുടെ അധ്യാപകർ മാർച്ച് 17നും ബി.കോം കോഴ്സുകളുടെ അധ്യാപകർ മാർച്ച് 18നും ന്യൂജനറേഷൻ കോഴ്സുകളുടെ അധ്യാപകർ മാർച്ച് 19നും രാവിലെ 9.30ന് എത്തണം. കോട്ടയം ബി.സി.എം. കോളേജ് (9562869005), ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ് (9544389606), കോഴഞ്ചേരി സെന്റ് തോമസ് കോളേജ് (9446824314), പാലാ അൽഫോൻസാ കോളേജ് (9447362420), മൂവാറ്റുപുഴ നിർമ്മല കോളേജ് (9567490441), തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജ് (9567911611), ആലുവ യു.സി. കോളേജ് (8075478265), കട്ടപ്പന ജെ.പി.എം. കോളേജ് (7025154050), അടിമാലി കാർമൽഗിരി കോളേജ് (8547093816) എന്നിവയാണ് ക്യാമ്പ് കേന്ദ്രങ്ങൾ.

(പി.ആർ.ഒ/39/341/2021)

## സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ്

മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് (2019-2020)ന്റെ വോട്ടർമാരായ കൗൺസിലർമാർക്കുള്ള തിരിച്ചറിയൽ കാർഡുകൾ അതത് കോളേജ് പ്രിൻസിപ്പൽമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. വിവരം സർവകലാശാല ഓഫീസിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് (2019-2020)ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി, അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പിനായി സമർപ്പിക്കപ്പെട്ട സ്വീകാര്യമായ നാമനിർദ്ദേശങ്ങളുടെ പട്ടിക സംബന്ധിച്ച വിജ്ഞാപനം സർവകലാശാല ഓഫീസിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/343/2021)

## ദേശീയ സെമിനാറിലേക്ക് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

മഹാത്മാഗാന്ധി സർവകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ്, ഐ.സി.എസ്.എസ്.ആർ. സഹായത്തോടെ 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സ് ഇൻ ബിസിനസ് ഓർഗനൈസേഷൻസ് എന്ന വിഷയത്തെ ആസ്പദമാക്കി ഏപ്രിൽ 21, 22 തീയതികളിൽ സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിലേക്ക് പ്രബന്ധങ്ങൾ ക്ഷണിച്ചു. വിശദവിവരത്തിന് ഫോൺ: 9447997279, 7907464934, ഇമെയിൽ: nsairbo2021@mgu.ac.in

(പി.ആർ.ഒ/39/344/2021)

**നജീബ് എം.**

പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)